# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 568 | 27.02.2018- ൽ മറുപടിയ്ക്ക്

### കാർഷിക വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

(എ) സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ ലഭ്യമാകുന്നതിന് വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(എ) സഹകരണ മേഖലയിൽ കാർഷിക വായ്പ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ട അംഗങ്ങൾക്കാണ് വായ്പ നൽകുന്നത്. വായ്പക്കാരന് കൃഷി ഭൂമി (സ്വന്തമായോ, പാട്ട വ്യവസ്ഥ യിലോ) ഉണ്ടായിരിക്കണം.
2. വായ്പ ലഭിക്കുന്നതിനായി കൈവശാവകാശ സർട്ടിഫിക്കറ്റും, ഭൂനികുതി അടച്ച രേഖകളും സഹകരണ സംഘത്തിന് നൽകണം.
3. ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായ വായ്പ തുകയാണ് ഓരോ വിളയ്ക്കും അനുവദിക്കുന്നത്.
4. ഒരുലക്ഷം രൂപവരെയുള്ള ഹ്രസ്വകാല വിള വായ്പകൾ പരസ്പര ജാമ്യത്തിൻമേൽ നൽകാനാണ് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.
5. ഒരു ലക്ഷം രൂപ മുതൽ 3 ലക്ഷം രൂപവരെയുള്ള വായ്പകൾ വസ്തു ഈടിൻമേലോ, രണ്ടിൽ കുറയാത്ത കേന്ദ്ര/സംസ്ഥാന

സർക്കാർ/ അർദ്ധസർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ നൽകാവുന്നതാണ്. ശമ്പള ജാമ്യം സ്വീകരിക്കുമ്പോൾ മതിയായ ശമ്പളം, സർട്ടിഫിക്കറ്റിന്റെ കൃത്യത എന്നിവ ഉറപ്പുവരുത്തേണ്ടതുണ്ട്.

3 ലക്ഷം രൂപയിൽ അധികരിച്ച വായ്പ ലഭിക്കാൻ വസ്തു ഈടോ മതിയായ മറ്റു ജാമ്യമോ നൽകേണ്ടതാണ്.

2016-2017 സാമ്പത്തിക വർഷം കാർഷിക സഹകരണ ബാങ്കുകളിൽ കർഷകർക്ക് 1877.4386 കോടി രൂപയുടെ വായ്പ കുടിശ്ശികയാണ്.

| | |
|---|---|
| (ബി) പ്രസ്തുത കാർഷിക വായ്പയിൽ പലിശ നിരക്ക് ഇളവ് ലഭിക്കുന്നതിനു വേണ്ട മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | (ബി) ഹ്രസ്വകാല വിളവായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിനായി 2013 വർഷം മുതൽ ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2010-11 സാമ്പത്തിക വർഷം മുതൽ നെൽ കർഷകർക്ക് ഇപ്രകാരം പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം 7% പലിശ നിരക്കിലാണ് ഹ്രസ്വകാല വായ്പകൾ (കാർഷിക വായ്പകൾ) നൽകുന്നത്. കൃത്യമായി തിരിച്ചടയ്ക്കുന്ന വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ 3% പലിശ സബ്സിഡിയോടൊപ്പം 4% സംസ്ഥാന സർക്കാരും പലിശ സബ്സിഡി നൽകി വരുന്നു. പലിശ ഇളവ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. |

(എ) പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ/ കാർഷിക ഗ്രാമവികസന ബാങ്കുകൾ വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ/ കിസാൻ ക്രെഡിറ്റ്/ കാർഷിക ആവശ്യത്തിനുള്ള ക്യാഷ് ക്രെഡിറ്റ് എന്നിവയായിരിക്കണം.

(ബി) സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട നാമമാത്ര കർഷകരായിരിക്കണം.

(സി) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായിരിക്കണം വായ്പ തുക.

(ഡി) മുതൽ തുക കടിശ്ശിക ഇല്ലാതെ കാലാവധിക്കുള്ളിൽ (തവണ തീയതിയിലോ, അതിനുമുൻപോ) തിരിച്ചടച്ചിരിക്കണം.

(ഇ) ഒരു കർഷകന് 3 ലക്ഷം വരെയുള്ള വായ്പകൾക്ക് മാത്രമേ ടി പദ്ധതി പ്രകാരം പലിശ ഇളവിന് അർഹതയുള്ളൂ. ടി പരിധിയിൽ അധികരിച്ചുവരുന്ന വായ്പകൾക്ക് പലിശ ഇളവ് ലഭിക്കുന്നതല്ല.

(സി) ഈ സർക്കാരിന്റെ കാലത്ത് കാർഷിക വായ്പ പലിശ ഇളവിനായി എത്ര രൂപ അനുവദിക്കുകയുണ്ടായി എന്ന് വിശദമാക്കാമോ?

(സി) ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2017-18 ലെ ബഡ്ജറ്റ് വിഹിതമായ 1 കോടി രൂപ ഉൾപ്പെടെ 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള ഇളവിനായി സംസ്ഥാനത്തെ 14 ജില്ലകളിലെയും സംഘങ്ങളിൽ നിന്ന് കോർട്ടർ തിരിച്ച് ലഭിച്ചുവരുന്ന ക്ലെയിം സ്റ്റേറ്റ്മെന്റ് അതാത് ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ പരിശോധിച്ച് ശുപാർശ ചെയ്ത് സഹകരണ സംഘം രജിസ്ട്രാർക്ക് അയച്ചു തരുന്നതിൽ നിന്നും മുൻഗണനാ ക്രമമനുസരിച്ച് ലഭ്യമായ തുക വിഭജിച്ച് അതാത് സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കിലുള്ള അക്കൗണ്ടിലേയ്ക്ക് ജോയിന്റ് രജിസ്ട്രാർ വഴി നൽകുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പലിശ രഹിത നെൽകൃഷി വായ്പകൾക്ക് പലിശ സബ്സിഡിയായി 20762936/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ പാലക്കാട് ജില്ലയിലെ 35 സർവ്വീസ് സഹകരണ ബാങ്കുകൾക്ക് അനുവദിച്ച 7958950/- രൂപ വെയ്സ് ആന്റ് മീൻസ് ക്ലീയറൻസ് ലഭിച്ചിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട സംഘങ്ങൾക്ക് ലഭ്യമാക്കിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**